**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5297** **05-07-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പുതിയ കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട കാർഷിക പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ച പദ്ധതി രേഖയുടെയും അന്തർദേശീയ കായൽ കൃഷി ഗവേഷണ കേന്ദ്രം സർക്കാരിലേക്ക് സമർപ്പിച്ച പദ്ധതി രേഖയുടെയും അടിസ്ഥാനത്തിൽ ഒരു സമഗ്ര പാക്കേജ്, കുട്ടനാട് വികസനത്തിനായി തയ്യാറായി വരുന്നു. താഴെ പറയുന്ന പരിപാടികൾ ഈ സമഗ്ര പാക്കേജിൽ ഉൾപ്പെട്ടിട്ടുണ്ട്.<br><br>(1) കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി പരിവർത്തനപ്പെടുത്തൽ<br><br>(2) രജിസ്റ്റേർഡ് സീഡ് ഗ്രോവെർസ്പരിപാടി നവീകരിച്ചു വിത്ത് ലഭ്യത ഉറപ്പു വരുത്തൽ<br><br>(3) വിത്ത് സംസ്കരണത്തിനും സൂക്ഷിക്കുന്നതിനുമായി അടിസ്ഥാന സൗകര്യമൊരുക്കൽ<br><br>(4) വിത്ത് ഗുണ നിലവാരം പരിശോധിക്കാൻ ലബോറട്ടറി സ്ഥാപിക്കൽ<br><br>(5) പ്രധാന വിളകളുടെ ജനിതക ദ്രവ്യ പരിപാലനത്തിനായി നടപടികളെടുക്കൽ<br><br>(6) വിപണി ഉറപ്പാക്കിക്കൊണ്ട് ഞവര കൃഷി പുനരുജ്ജീവിപ്പിക്കൽ<br><br>(7) കുട്ടനാടിനായി ക്രോപ്കലണ്ടർ തയ്യാറാക്കി നടപ്പിൽ വരുത്തുക<br><br>(8) നിലവിലുള്ള പെട്ടിയും പറയും മാറ്റി പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്നതിനായി വെർട്ടിക്കൽ ആക്സിയൽ പമ്പുകൾ സ്ഥാപിക്കുക<br><br>(9) മണ്ണ് പരിശോധനയിലൂടെ മണ്ണിന്റെ ആരോഗ്യം സംബന്ധിക്കുന്ന ഡാറ്റ ബാങ്ക് തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | വളപ്രയോഗം ക്രമീകരിക്കുക<br><br>(10) യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കസ്റ്റം ഹയറിങ് സെന്ററുകൾ സ്ഥാപിക്കുക<br><br>(11) നെല്ല്, താറാവ്, മൽസ്യ കൃഷി എന്നിവയുടെ സംയോജിത കൃഷി ആവിഷ്കരിക്കുക<br><br>(12) തെങ്ങു കൃഷി ലാഭകരമാക്കുന്നതിനായി സംയോജിത കൃഷി രീതികളും ഇടവിള കൃഷിയും പ്രോത്സാഹിപ്പിക്കുക<br><br>(13) അപ്പർ കുട്ടനാട്ടിൽ കരിമ്പ് കൃഷിയിൽ സംയോജിത കൃഷി രീതി സ്വീകരിക്കുക<br><br>(14) കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ പരിസ്ഥിതി നിരീക്ഷണം ശക്തിപ്പെടുത്തുക<br><br>(15) ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുക<br><br>(16) കുട്ടമുണ്ടകനും പൊക്കാളി നെല്ലും ശക്തിപ്പെടുത്തുക.<br><br>ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ആസൂത്രണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായി കുട്ടനാടിന്റെ സമഗ്ര വികസനത്തിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കുട്ടനാട് വികസന ഏകോപന കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയിൽ ബന്ധപ്പെട്ട വകുപ്പുകളിലെ മന്ത്രിമാരും സെക്രട്ടറിമാരും വകുപ്പ് മേധാവികളും അംഗങ്ങളാണ്. ഇതോടൊപ്പം തന്നെ മോണിറ്ററിങ് ആൻഡ് അഡ്വൈസറി കൗൺസിൽ ബഹു. കൃഷിവകുപ്പ് മന്ത്രി അദ്ധ്യക്ഷനായും ആസൂത്രണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറായും രൂപീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ജില്ലാ കലക്ടർ കൺവീനറുമായും ഇമ്പ്ലിമെന്റേഷൻ ആൻഡ് ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br><br>വിവിധ വകുപ്പുകളുടെ സംയോജനവും ഒരുമിച്ചുള്ള പ്രവർത്തനവും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള കുട്ടനാട് വികസന ഏകോപന കൗൺസിലിന്റെ മേൽനോട്ടത്തിൽ നടക്കും എന്നതിനാൽ ധനകാര്യ സ്രോതസ്സ് സംബന്ധിച്ച് വിശദമായ രേഖയ്ക്ക് അംഗീകാരം ലഭിച്ചാൽ കുട്ടനാട് പാക്കേജിന് ആരംഭം കുറിക്കാൻ സാധിക്കും. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പാക്കേജ് കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പാക്കേജ് കാര്യക്ഷമമായി നടപ്പാക്കുന്നതിനും കുട്ടനാടിന്റെ സമഗ്ര വികസനത്തിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായും കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കുട്ടനാട് വികസന ഏകോപന കൗൺസിൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.<br><br>1) കുട്ടനാട്ടിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ഒരു കുടക്കീഴിലാക്കുക, എല്ലാ ഏജൻസികളുടെയും പ്രവർത്തനം അവലോകനം നടത്തുന്നതിനും, ആവർത്തനമില്ലാതെയും പരസ്പരം പൂരകങ്ങളാകുന്ന വിധം ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.<br><br>2) വിവിധ ഏജൻസികൾ, വകുപ്പുകൾ തുടങ്ങിയവ നടത്തുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക, ഏകോപിപ്പിക്കുക, അവ നടപ്പിൽ വരുത്തുന്നത് മോണിറ്റർ ചെയ്യുക, പരിസ്ഥിത സുരക്ഷ, സാമൂഹ്യ സുരക്ഷ, പങ്കാളിത്ത പരിപാലനം എന്നിവ ഉറപ്പ് വരുത്തുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവുകൾ നൽകുക.<br><br>3) കുട്ടനാട്ടിലെ നെൽപ്പാടങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും ഏകോപിപ്പിക്കുക.<br><br>4) തോടുകൾ, കനാലുകൾ എന്നിവയുടെ നീരൊഴുക്ക് സുഗമമാക്കുകയും, അവയുടെ ജലസംവഹനശേഷിയും സംഭരണശേഷിയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുക.<br><br>5) നെൽകൃഷി, തെങ്ങ് കൃഷി, മത്സ്യകൃഷി, താറാവ് വളർത്തൽ, മറ്റു കൃഷികൾ എന്നിവ സമഗ്രമായി സംയോജിപ്പിച്ചു കൊണ്ട് കർഷകർക്ക് പരമാവധി പ്രയോജനപ്പെടുന്ന പദ്ധതികൾ നടപ്പിലാക്കുക.<br><br>6) കുട്ടനാട്ടിലെ സമഗ്ര ജല മാനേജ്മെന്റ് നടപ്പിലാക്കുക.<br><br>7) കുട്ടനാട്ടിലെ നെൽകൃഷിയെ വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, കാലം തെറ്റിയ മഴയ്ക്കും, വെള്ളപ്പൊക്കത്തിനും അനുയോജ്യമാകും വിധമുള്ള കാർഷിക കലണ്ടറും കൃഷിരീതിയും നടപ്പിലാക്കുക, വിള നാശവും അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളുടെ നാശനഷ്ടങ്ങളും പരമാവധി കുറയ്ക്കുന്നതിനുള്ള പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കുക.<br><br>8) കുട്ടനാട്ടിലെ കാർഷിക പ്രവർത്തനങ്ങൾ യന്ത്രവൽകൃതമായി നടപ്പിലാക്കുക. ആയതിന് ആവശ്യമായ<br><br>യന്ത്രങ്ങൾ സമാഹരിക്കുക.<br><br>9) സംസ്ഥാനത്തിന്റെ മറ്റ് ഭൂപ്രദേശങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമായ കുട്ടനാട്ടിലെ വിവിധ മേഖലകളിലെ പരമ്പരാഗത തൊഴിൽ മേഖലകൾ നഷ്ടപ്പെട്ടു പോകാതെ കുട്ടനാട്ടിലെ പുതുതലമുറയിൽ നിന്നും കൂടുതൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിയധിഷ്ഠിതമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക. കാർഷിക ഉത്പന്ന സംസ്കരണ, വിപണന, വിതരണ രംഗങ്ങളിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുക.<br><br>10) കുട്ടനാട്ടിലെ നെൽകർഷകർക്കായി പ്രവർത്തിക്കുന്ന വിവിധ പാടശേഖര സമിതികൾ, നെൽകൃഷി വികസന ഏജൻസികൾ എന്നിവയുടെ പ്രവർത്തനം ഏകീകരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക. അവയ്ക്കുള്ള സാമ്പത്തിക സഹായങ്ങൾ കൗൺസിൽ മുഖേന നടപ്പിലാക്കുക.<br><br>11) കുട്ടനാട്ടിലെ കാർഷിക പ്രവർത്തനങ്ങളെ സഹായിക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും കർഷക പങ്കാളിത്തം ഉറപ്പ് വരുത്തുക. |

സെക്ഷൻ ഓഫീസർ